പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2278 | 8.07.2015- ൽ മറുപടി നല്കേണ്ടിയിരുന്നത്. |
|---|---|

## ഭക്ഷ്യസുരക്ഷാ നിലവാര നിയമപ്രകാരമുള്ള ലൈസൻസും രജിസ്ട്രേഷനും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ.എസ്. സലീഖ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും ഭക്ഷ്യസുരക്ഷാ നിലവാര നിയമപ്രകാരം എത്ര പേർ ലൈസൻസും രജിസ്ട്രേഷനും എടുത്തിട്ടുണ്ടെന്നും നിലവിൽ ഇനി എത്ര പേർ ലൈസൻസും രജിസ്ട്രേഷനും എടുക്കാനുണ്ടെന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ; | എ) | അനുബന്ധം (എ)യായി ചേർത്തി രിക്കുന്നു. |
| ബി) | ഈ സർക്കാർ കാലയളവിൽ ഭക്ഷ്യവിപണന മേഖലയിൽ ഭക്ഷ്യവിഷബാധ സംബന്ധിച്ച് എത്ര കേസ്സുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്; എത്ര പേർ മരണപ്പെട്ടു ; ജില്ല തിരിച്ച് വിശദാംശം നല്കുമോ ; | ബി) | അനുബന്ധം (ബി)യായി ചേർത്തിരിക്കുന്നു. |
| സി) | ഈ സർക്കാർകാലയളവിൽ ഭക്ഷ്യ വിഷബാധ തടയുവാനായി ഓരോ വർഷവും എത്ര റെയ്ഡുകൾ നടത്തിയെന്നും പിഴയിനത്തിൽ എത്ര തുക ലഭിച്ചുവെന്നും എത്ര സ്ഥാപനങ്ങളുടെ ലൈസൻസ് | സി) | അനുബന്ധം (സി)യായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| | റദ്ദാക്കിയെന്നും അവയിൽ താൽക്കാലികം എത്രയെന്നും സംബന്ധിച്ച വിശദവിവരം നല്കാമോ ; | | |
| ഡി) | ഭക്ഷ്യ സുരക്ഷാവകുപ്പിൽ എത്ര ജീവനക്കാരുണ്ട്; എത്ര പേരുടെ ഒഴിവുകളുണ്ട്; എത്ര സർക്കിളുകളിൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാരില്ല ; ജില്ല തിരിച്ച് ഇവയെ സംബന്ധിക്കുന്ന വിശദാംശം ലഭ്യമാക്കുമോ ; | ഡി) | ഭക്ഷ്യസുരക്ഷാ വകുപ്പിൽ നിലവിൽ 183 ജീവനക്കാരുണ്ട്. ഇത് കൂടാതെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ ഇപ്പോൾ ആരോഗ്യവകുപ്പ് ഡയറക്ടറുടെ നിയന്ത്രണത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ വകുപ്പിൽ നിലവിൽ 108 ജീവനക്കാരുടെ ഒഴിവുകളുണ്ട്. ഭക്ഷ്യസുരക്ഷാവകുപ്പിലെ വിവിധ ഒഴിവുകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റും പുതിയതായി സൃഷ്ടിച്ചതുൾപ്പെടെ ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ ഒഴിവുകളുടെ ജില്ല തിരിച്ച് വിശദമായ സ്റ്റേറ്റ്മെന്റും അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| ഇ) | ഭക്ഷ്യസുരക്ഷാവകുപ്പ് പുനസംഘടിപ്പിക്കുന്നത് സംബന്ധിച്ച പി.& എ.ആർ. ഡി വകുപ്പ് പഠനം പൂർത്തിയായോ ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ? | ഇ) | പഠനം പൂർത്തീകരിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം വെബ്സൈറ്റിൽ ലഭ്യമാണ്